# ഇതൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

എസ്.എം.യു.പി. സ്ക്കൂൾ , താനൂർ

## ആമുഖം

വിദ്യാഭ്യാസത്തിന്റെ പ്രസക്തി അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യ കുലത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും, ഭൂമിയുടെ സുസ്ഥിരമായ നില നിൽപ്പിനും വിദ്യാഭ്യാസം ഏറ്റവും ആവശ്യമായ ഘടകമായി തീർന്നിരിക്കുന്നു കേരളത്തിന്റെ വികസനത്തിന് അടിസ്ഥാന ശിലയായ വിദ്യാഭ്യാസം സമൂലമായ മാറ്റത്തിനും, മുന്നേറ്റത്തിനും വേദിയാവുകയാണ്.പൊതുവിദ്യാഭ്യാസയജ്ഞം എന്ന വലിയൊരുകർമ്മ പദ്ധതി നമ്മുടെ പൊതു വിദ്യാഭ്യാസത്തെ ആകെ പുതിയൊരു വഴിത്താരയിലേക്ക് നയിക്കുകയാണ്. ശിശു കേന്ദ്രീകൃതമായ ആധുനിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക വഴി പൗരബോധമുള്ള വരും,മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരുമായ ഉത്തമ പൗരൻമാരെ സൃഷ്ടിക്കുക എന്ന മഹത്തായ ലക്ഷ്യമാണ് നമുക്ക് മുന്നിലുള്ളത്. വർണ്ണവർഗ്ഗ വ്യത്യാസങ്ങൾക്കെതിരെ ചിന്തിക്കുന്നവരും, പാരിസ്ഥിതിക ബോധമുള്ളവരുമായ പുതിയ പൗരൻമാരുടെ സൃഷ്ടി നമ്മുടെ രാജ്യത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

മികവിൽ നിന്നും അതിമികവിലേക്കുള്ള പ്രയാണത്തിൽ നമ്മുടെ വിദ്യാഭ്യാസ പ്രക്രിയക്ക് അന്തർദ്ദേശീയ നിലവാരം സ്വായത്തമാക്കുന്നതിന് ഒട്ടേറെ കർമ്മ പദ്ധതികളാണ് നമ്മുടെ വിദ്യാലയം നടപ്പിലാക്കാൻ പോകുന്നത്. ഭൗതികവും, അക്കാദമികവും, കലാപരവും, സംസാരിക പരവുമായ പരിപാടികള് തികഞ്ഞ അസൂത്രണത്തോടെയും,കൃത്യമായ സമായനിഷ്ഠ പാലിച്ചുകൊണ്ടും നടപ്പിലാക്കുന്നതിനാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുന്നത്. ഇതിനായി ഈ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്തികളുടേയും, രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും നിസ്വാർത്ഥമായ പിന്തുണയും, സഹകരണവും പ്രതീക്ഷിക്കുന്നു.

വിദ്യാർത്ഥികൾ നേടേണ്ടുന്ന മുഴുവൻ ശേഷിയും അർജ്ജിക്കുന്നതിനും, അന്താരാഷ്ട്രനിലവാരത്തിലുള്ള വിദ്യാഭ്യാസം പ്രദാനംചെയ്യുന്നതിനും, അവസരമൊരുക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.എല്ലാ രക്ഷിതാക്കളുടെയും,പൂർവ്വ വിദ്യാർത്ഥികളുടെയും നല്ലവരായ നാട്ടുകാരുടെയും സഹകരണത്തോടെ നമ്മുടെ വിദ്യാർത്ഥികൾക്ക് ലോകത്തിലെ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്നതിന് നമുക്ക്കഴിയും എന്ന ഉത്തമവിശ്വാസത്തോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ നമ്മുടെ വിദ്യാലയത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്കായി സമർപ്പിക്കുന്നു.

## സ്കൂൾ ചരിത്രം

1937 മുതൽ ദേവധാർ മലബാർ റി കൺസ്ട്രക്ഷൻ ട്രസ്റ്റ് (ഡി.എം.ആർ.ടി)- ന്റെ ഭാഗമായും, 1951 മുതൽ സ്വതന്ത്രമായും പ്രവർത്തിച്ചുവരുന്നവിദ്യാലയമാണ് താനൂർ S.M.U.P സ്കൂൾ.തെക്കെ മലബാറിലെ സാമൂഹിക പരിഷ്കർത്താക്കൾ കടലോര മേഖലയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒട്ടേറെ വിദ്യാലയങ്ങൾ തുടങ്ങിയിരുന്നു. അതിൽ പ്രവർത്തനമികവ് കൊണ്ടും പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവന പാരമ്പര്യം കൊണ്ടും പ്രശസ്തമായ വിദ്യാലയമാണിത്. 900-ത്തിലധികം വിദ്യാർത്ഥികളും,28 അദ്ധ്യാപകരുമാണ് ഇപ്പോഴുള്ളത്.കുട്ടികളിലധികവും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവരാണ്.സാമ്പത്തിക ഭദ്രതയുള്ള മേൽത്ത രം,ഇടത്തരം ആളുകൾ അൺ-എയ്ഡഡ് മേഖലകളിലേക്ക് വിദ്യാഭ്യാസത്തിനായി പോകുന്ന പ്രവണത മറ്റെല്ലാ സ്ഥലത്തെയും പോലെ ഇവിടെയുമുണ്ട്. മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ ഒരുക്കി കൊടുത്താൽ ഇവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കാമെന്നതിൽ തർക്കമില്ല.പുതിയ ക്ലാസ്സ്റൂമുകളും,സാങ്കേതിക വിദ്യകളുടെ ഉപയോഗവും,ലാബ് ശാക്തീകരണവും വഴി നമുക്ക് ഈ കുറവുകൾ പരിഹരിക്കാം.

## ഭൗതികം

നിലവിൽ 26 ക്ലാസ് മുറികളാണുള്ളത്. 7 ക്ലാസ് റൂമുകൾ ഓട് മേഞ്ഞവയാണ്. അവ കൂടി ടൈൽ പതിച്ച് പൊടി വിമുക്തവും, മനോഹരവുമാക്കി മാറ്റേണ്ടത് സ്കൂളിന്റെ ഉത്തരവാദിത്തമാണ്. ഇതിന് സ്കൂൾ മാനേജ്മെന്റിന്റെയും, വികസന സമിതിയുടെ യും,രക്ഷിതാക്കളുടെയും സഹായങ്ങൽ പ്രതീക്ഷിക്കുന്നു. ഇതിന്റെ മതിപ്പുചെലവ് 45 ലക്ഷം രൂപ വരുമെന്ന് പ്രതീക്ഷിക്കുന്നു.

## കളിസ്ഥലം സജ്ജമാക്കൽ

കുട്ടികൾക്കുള്ള കയികപരിശീലനം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കളിസ്ഥലം കൊണ്ടൂർ സർവ്വെ നടത്തി അതിർത്തി നിശ്ചയിക്കുന്നതിനും, ട്രാക്ക് അനുയോജ്യമായ രീതിയിൽ പാകപ്പെടുത്തുന്നതിനും മതിപ്പുചെലവ് 20 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. കളിസ്ഥലം വെള്ളം കെട്ടിനിൽക്കാത്ത രൂപത്തിൽ ഉയർത്തി ടർഫ് പോലുള്ള ആധുനിക ഇൻഡോർ കളിസ്ഥലങ്ങൾ നിർമ്മിക്കുവാനും നമുക്ക് പദ്ധതിയുണ്ട്.പ്രവർത്തനത്തിൽ ആവശ്യമായ ഫണ്ട് ഗവണ്മെന്റ് എജെൻസികൾ, സന്നദ്ധ സംഘടനകൾ, മാനേജ്മെന്റ്തുടങ്ങിയവരുടെ സഹകരണത്തോടെ കണ്ടെത്തു ന്നതാണ്

## മത്സരപരീക്ഷകൾ

യു.പിതലത്തിലെ ഏറ്റവും പ്രാധാന്യാമർഹിക്കുന്ന യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷക്ക് വേണ്ടി കുട്ടികളെ പ്രാപ്തരാക്കുന്നതിന് പ്രതിഭ ലാബ് മുഖേന പരിശീലനം നടത്തി വരുന്നു.റഫറൻസിന്ആവശ്യമായ പുസ്തകങ്ങൾ,മോഡൽ പരീക്ഷ ന ടത്തുന്നതി നാവശ്യമായ സാമഗ്രികൾ,വിദഗ്ദ്ധരായ അദ്ധ്യാപകരുടെ ക്ലാസുകൾ എന്നിവ സ്കൂൾ ആരംഭം മുതൽ തന്നെ മാസത്തിൽ രണ്ട് തവണ വീതം നടത്തുന്നതിന് പരിപാടികൾ ആസൂത്രണംചെയ്യും.പൊതുവിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായും,മറ്റ് സംഘടനകൾ നടത്തുന്ന മത്സരപരീക്ഷകളിലും പ്രാപ്തരായ കുട്ടികളെ സൃഷ്ടിക്കുന്നതിന് ഊർജ്ജസ്വ ലമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രതിഭ ലാബ് പ്രതിജ്ഞാബദ്ധമാണ്

## പാരിസ്ഥിതിക അവബോധം

പാരിസ്ഥിതിക അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിനും,കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനും പാരിസ്ഥിതിക സേനയും,ക്ലബും വ്യക്തമായ ലക്ഷ്യ ത്തോടും, പരിപാടികളോടും കൂടി നടപ്പിലാക്കും.മാലിന്യനിർമ്മാർജ്ജനം, പരിസര ശുചി ത്വം എന്നിവയിലൂന്നി ചർച്ചാക്ലാസ്സുകളും, സെമിനാറുകളും, സന്നദ്ധപ്രവർത്തനങ്ങളും ക്ലബിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നതിന് ഫീൽഡ് ട്രിപ്പുകളും, പഠനയാത്രകളും ക്ലബ് സംഘടിപ്പിക്കുന്നതാണ്.

## ശാക്തീകരണ ക്ലാസ്സുകൾ

രക്ഷകർത്താക്കൾക്കും വിദ്യാർഥികൾക്കും അവബോധം നൽകുന്നതിന് മാസത്തിൽ ഒരു തവണ മനഃശാസ്ത്രജ്ഞന്റെ ക്ലാസ്സും കൺസൽട്ടേഷനും സ്കൂളിൽ സങ്കടിപ്പിക്കും.

## സാംസ്കാരിക ക്ലബ്ബ്

സാംസ്കാരികമായ നമ്മുടെ പാരമ്പര്യം നിലനിർത്തുന്നതിനും, വളർത്തുന്നതിനും സഹജീവി സ്നേഹത്തിലൂന്നിയ പ്രവർത്ഥനത്തിനുതകുന്ന ക്ലാസ്സുകൾ, ശില്പശാല എന്നിവസംഘടിപ്പിക്കും. സാംസ്കാരികരംഗത്തെ ഉന്നതരെയും, സാഹിത്യകാരന്മാരെയും അടുത്തറിയുന്നതിനും അവരുടെ രചനകൾ മനസ്സിലാക്കുന്നതിനും സ്കൂൾ വിദ്യാരംഗം പരിപാടിയുടെ ഭാഗമായി അവസരം സൃഷ്ടിക്കും.

## ക്യാമ്പസ് സൗന്ദര്യവൽകരണം

കുട്ടികൾക്ക് ആഹ്ളാദകരമായ  അന്തരീക്ഷത്തിൽ പഠനം നടത്തുന്നതിനും മനസികോല്ലാസം പ്രദാനം ചെയ്യുന്നതിനും സ്കൂൾ ക്യാമ്പസ് സൗന്ദര്യവൽകരിക്കണം. പൂന്തോട്ടം, ഇരിപ്പിടങ്ങൾ, ജലധാര തുടങ്ങിയവ നിർമ്മിച്ച് ക്യാമ്പസിന്റെ സൗന്ദര്യവൽ കരണം ഒരു വർഷത്തിനുള്ളിൽ നടപ്പാക്കും.

## ജൈവവൈവിദ്ധ്യപാർക്ക്

പ്രദേശികമായി  അന്യം നിന്നുപോകുന്ന മരങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ നട്ടുവളർത്തി പരിപാലിക്കും.കിളികൾ, ചിത്രശലഭങ്ങൾ, മറ്റ് ചെറുജീവികൾ എന്നിവയുടെ ആവാസ കേന്ദ്രമായി ജൈവവൈവിദ്ധ്യപാർക്കിനെ പരിപാലിക്കും. ഇവയ്ക്കുള്ള ധനസഹായം ചുരുങ്ങിയത് 3 ലക്ഷം രൂപ കണക്കാക്കുന്നു. അവ PTAയുടെ സഹായത്തോടെ എം. എൽ. എ., എം. പി., പൂർവ്വവിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ എന്നിവ സ്വരൂപിക്കും.

## ലൈബ്രറി ശാക്തീകരണം

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും, പഠനപ്രവർത്തനങ്ങൾക്കാവശ്യവുമായ റഫറൻസ് ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നതിനും സ്കൂൾ ലൈബ്രറി സൗകര്യം വിപുലീകരിക്കേണ്ടതുണ്ട്. ഫർണ്ണിച്ചറുകൾ പുസ്തകങ്ങൾ എന്നിവ കൂടുതൽ ആവശ്യമാണ്. ലൈബ്രറി ഡിജിറ്റലൈസേഷൻ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കൂടുതൽ സഹായകരമാണ്.

ഫർണ്ണിച്ചറുകൾക്ക് 50,000 രൂപയും, പുസ്തകങ്ങൾക്ക് ചുരുങ്ങിയത് 75,000 രൂപയും മതിപ്പുചെലവ് കണക്കാക്കുന്നു. വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, രക്ഷകർത്താക്കൾക്കും അറിവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്ന ലൈബ്രറി തീർച്ചയായും ഒരു മുതൽക്കൂട്ടാകും

## ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ

പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷി വിദ്യാർത്ഥികളെ പൊതുധാര യിലെത്തിക്കേണ്ടത് നമ്മുടെ പ്രധാന കർത്തവ്യമാണ്. അവർക്ക് അനായാസമായി സഞ്ചരിക്കുന്നതിന് കെട്ടിടങ്ങൾക്ക് റാംപും, വീൽചെയർ പോലുള്ള മറ്റുപകരണങ്ങളും അത്യന്താ പേക്ഷിതമാണ്.റാംപുകൾക്കും, വീൽചെയറുകൾക്കുമായി 2,00,000 രൂപ മതിപ്പുചെലവ് കണക്കാക്കുന്നു.

## നൈപുണി വികസനം

കുട്ടികളുടെ നൈപുണികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചോക്ക് നിർമ്മാണം, ചവിട്ടി നിർമ്മാണം, ഗ്ലാസ് പെയിൻറ് ,ഫാബ്രിക് പെയിൻറ് എന്നിവയുടെ പരിശീലനം കാര്യക്ഷമമാക്കുന്നതിനും അവരെ അനുയോജ്യമായ രീതിയിൽ ഉയർത്തിക്കൊണ്ടുവരുന്നതിനും വേണ്ടി മതിപ്പുചെലവ് 10,000 രൂപ പ്രതീക്ഷിക്കുന്നു.

## അടുക്കള വികസനം

ആരോഗ്യകരമായ ഭക്ഷണം പാകം ചെയ്യുന്നതിന് ആധുനിക രീതിയിലുള്ള അടുക്കളക്കും, മറ്റു സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കുമായി 5,00,000 രൂപ മതിപ്പുചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

# വിഷയതല മാസ്റ്റർ പ്ലാൻ

# മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയം പ്രകടിപ്പിക്കാനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുന്നു | വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക് അക്ഷരങ്ങളും ചി ഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | 3 മാസം | ഭാഷാധ്യാപകർ | |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | പത്രം, ആഴ്ചപ്പതിപ്പ്,ലൈബ്രറികൾഎന്നിവ വായിക്കുകയും പ്രതികരണ ശേഷി,ഉച്ചാരണശുദ്ധി എന്നിവ വളർത്തുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു ദിവസം | | |
| 3 | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടുകയും സർഗ്ഗ ശേഷി വളർത്തുകയും ചെയ്യൽ | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഈ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | ഒരു വർഷം | | |
| 4 | കുട്ടികളുടെ റേഡിയോ സംപ്രേഷണ  പരിപാടികൾ മെച്ചപ്പെടുത്തുകയും അവതരണ മികവ് നേടുകയും ചെയ്യുന്നു | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങ ളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകൾ,സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ എന്നിവ വർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരിക്ക ൽ | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | കുട്ടികളുടെ കാലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ ക്കാഴ്ചകൾ, ലഘുനാടകങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിന് വിദഗ്ദ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു | പ്രതിമാസം | PTA | |

# ENGLISH

| OBJECTIVES | | | |
|---|---|---|---|
| | **CLASS 5** | **CLASS 6** | **CLASS 7** |
| | ♦ Develop foundational reading skill with proper<br>♦ Enhance listening and speaking skills<br>♦ Faster comprehension of simple tents<br>♦ Introduce basic grammar and vocabulary. | ♦ Encourage active listening and confident speaking<br>♦ Improve reading comprehension and fluency<br>♦ Expand vocabulary<br>♦ Develop more structured writing skill<br>♦ Enhance grammatical knowledge | ♦ Develop critical reading and writing skill<br>♦ Critical appreciation of poems<br>♦ Enrich active vocabulary<br>♦ Promote active listening and confident speaking |

| CURRICULAM | | | |
|---|---|---|---|
| | **CLASS 5** | **CLASS 6** | **CLASS 7** |
| | **Reading**<br>**Prose** :- Simple stories and passages from the textbook<br>**Poetry:**- Simple poems and songs with simple themes like nature and family<br><br>**Listening**<br>With the help of ICT play the audio books of simple stories and poems | **Reading**<br>**Prose** :- Stories, biographies from text book<br>**Poetry** :- Poems with varied themes<br><br>**Writing**<br>Formal and informal letters<br>Conversation, Diary entries<br><br>**Grammar**<br>Advanced parts of speech, Tense (present, past, future), Types of sentences and patterns and structure of sentences | **Reading**<br>**Prose**:- Detailed stories, plays and nonfiction from text books.<br>**Poetry** :- Poems with deeper themes and varied structures<br><br>**Writing**<br>Analytical essays, formal letters, critical appreciation of poems, poster<br><br>**Grammar**<br>Complex sentence structure, clauses and phrases, I f clause, Direct, indirect speech |

| | | | |
|---|---|---|---|
| | **Speaking**<br>Child centered activities like self introduction, encourage students to speak with simple topics like family, friend, school, teacher etc.<br><br>**Writing**<br>➢ Picture composition<br>➢ Conversation<br>➢ Simple letters , words and paragraphs.<br><br>**Grammar**<br>➢ Nouns, pronouns, verb, adjectives<br>➢ Basic sentence structure<br>➢ Punctuation<br><br>**Vocabulary**<br>Words list from textbook and contextual usage of new words | **Listening**<br>Audio books , listening comprehension activities, news broadcasting , listening<br><br>**Speaking**<br>Group discussions, debates, Role play, skit, speeches<br><br>**Vocabulary**<br>Thematic world lists, Synonyms, Antonyms | **Listening**<br>Audio books, listening comprehension practices, live commentary<br><br>**Speaking**<br>Debate, discussion, speech, extemporary speech.<br><br>**Vocabulary**<br>Advanced words, and phrases, Idioms, Proverbs |

| ASSESSEMENT | | | |
|---|---|---|---|
| | **CLASS 5** | **CLASS 6** | **CLASS 7** |
| | ♦ Reading comprehension exercises<br>♦ Writing assignment<br>♦ Grammar quiz<br>♦ Oral presentation and recitation | ♦ Comprehension tests and work sheets<br>♦ Essay and letter writing assignments<br>♦ Grammar<br>♦ Speaking activities and listening comprehension tests. | ♦ Reading analysis assignments<br>♦ Structured writing tests.<br>♦ Comprehensive grammar tests<br>♦ Oral presentations and group discussions. |

| RESOURCES | | | |
|---|---|---|---|
| | **CLASS 5** | **CLASS 6** | **CLASS 7** |
| | ♦ SCERT text books<br>♦ Supplementary texts<br>♦ Work books for grammar<br>♦ Library facilities<br>♦ ICT | ♦ SCERT text books<br>♦ Advanced grammar guides<br>♦ Additional reading materials<br>♦ Library facilities<br>♦ ICT | ♦ SCERT text books<br>♦ Supplementary texts<br>♦ Advanced grammar guides<br>♦ Library facilities<br>♦ ICT |

# General Strategies

## Instructional methods

Use of variety of teaching methods including direct instruction, group work and project works. Child centered activity method and communication method also applicable.

Integrate multimedia resources such as videos and online articles

## Enrichment activities

- Encourage reading through book clubs and reading clubs
- Organize writing contents and opportunities for publication
- Integrated learning activities to make since the participation of all students

## Technology integration

- Utilize educational software for grammar and vocabulary practice
- Encourage the use of digital tools for writing

## Parental community involvement

- Communicate regularly with parents about the student progress
- Encourage parents to volunteer in reading programs and other school activities

This structured plan ensures a balanced and comprehensive approach to teaching English language a strong foundation for higher classes.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ( അറബിക്)

**(SMUP School Tanur )**

## ആമുഖം

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല.ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയ തുടിപ്പുകളാണ്.അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു.ഈകാഴ്ചപ്പാടിൽ അപ്പർ പ്രൈമറി ക്ലാസ്സുകളുടെ (5,6,7) വിദ്യാർത്ഥികൾക്ക് അറബി ഭാഷാപഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവും അധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

കേവലം ഒരു പാഠ്യ വിഷയത്തിനപ്പുറം അറബി ഭാഷയെ എങ്ങനെ സജീവവും പ്രയോഗികവുമാക്കം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു.പഠനത്തെഒരു ഭാരമാക്കാതെ കുട്ടികളെ ഒരു സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്ന ഒരു മധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനം ദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

## വിഷൻ(Vision)

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ളസ്നേഹവും താല്പര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയ വിനിമയ പരവുമായ പ്രാധാന്യം മനസിലാക്കി അടിസ്ഥാന പരമായ ഭാഷശേഷികൾ ( കേൾക്കൽ, സംസാരം, വായന, എഴുത്ത് ) ആർജിക്കാൻ അവരെ പ്രാപ്തരാക്കുക

## മിഷൻ (Mission)

നവീനമായ പഠനതന്ത്രങ്ങളിയൂടെയും സാങ്കേതിക വിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥി കൾക്ക് അറബിഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബിഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷപഠനം ഒരു മനോഹരമായ അനുഭവമാക്കിമാറ്റുകയും ചെയ്യുക

## പ്രധാന ലക്ഷ്യങ്ങൾ (Key Objectives )

1. **ശബ്ദജ്ഞാനം (phonetics )** :-അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക .

**2 .പദസമ്പത്ത് വികസിപ്പിക്കൽ ( Vocabulary Expansion )**:-അടിസ്ഥാനപരമായ അറബിവാക്കുകളുംശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യ ജീവിതത്തിൽഉപയോഗിക്കാൻപ്രോത്സാഹിപ്പിക്കുകയുംചെയ്യുക.

**3.സംഭാഷണ ശേഷി (Conversation Skills ) :-**ലളിതമായ അറബി വാക്യ ങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

**4.വായനശേഷി(Reading Skills ):-**ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസിലാക്കാനുള്ള കഴിവ് വളർത്തുക.

**5.എഴുത്തു ശേഷി (Writing Skills )** :- അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായവാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിക്കുക.

**6.വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ(Basic Grammar):-**അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക .

**7** . **സാംസ്കാരിക അവബോധം ( Cultural Awareness ):-**അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളേയും കുറിച്ച് അവബോധം നൽകുക

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ

**ക്ലാസ് 5 :-**

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള  വാക്കുകളും തിരിച്ചറിയുക
- അടിസ്ഥാന പരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻപഠിക്കുക.(പേര്,വയസ് , സ്ഥലം)
- ചിത്രങ്ങൾ ഉപയോഗി ച്ച്ലളിതമായ അറബിവാക്കുകൾ പഠിക്കുക
- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസിലാക്കാൻ ശ്രമിക്കുക.

**ക്ലാസ് 6 :-**

- ചെറിയ അറബി വാക്യങ്ങൾവായിച്ച്അർത്ഥംമനസിലാക്കാൻശ്രമിക്കുക
- അടിസ്ഥാന പരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ ഉത്തരം പറയാനും ചോദ്യങ്ങൾ ചോദിക്കാനുംപഠിപ്പിക്കുക
- ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക
- ചെറിയ ഖണ്ഡികകൾ വായിച്ച്പ്രധാന ആശയങ്ങൾ മനസിലാക്കുക

## പഠന രീതികൾ

**1.സംവേദനാത്മകപഠനം(Interactive Learning):-**ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾപ്ലേ എന്നിവയിലൂടെ ഭാഷപഠനം സജീവമാക്കുക.

2. **കളിയിലൂടെ പഠനം (play -way method )**:- ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

3. **ദൃശ്യ-ശ്രാവ്യ പഠനം (Audio -Visual Aids ):-**ചിത്രങ്ങൾ, വിഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക

**4. കഥ പറച്ചിൽ (Storytelling) :-**ലളിതമായ അറബികഥകൾ പറഞ്ഞ്കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക

**5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ (Group Activities ):-**വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച്സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക

**6. സാങ്കേതിക വിദ്യയുടെ ഉപയോഗം (Technology Integration)** :- അറബി ഭാഷ പഠനത്തിനായുള്ള ആപ്ലിക്കേഷൻ വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുകൾ എന്നിവ പരിചയപ്പെടുക

**7. ആശയവിനിമയത്തിലൂന്നിയ പഠനം (Communicative Approach ):-**ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട് സംഭാഷണ ശേഷിക്ക് പ്രധാന്യം നൽകുക

**8. പദ്ധതി അധിഷ്ഠിത പഠനം (Project Based Learning )** :- അറബി ഭാഷയുമായി ബന്ധപ്പെട്ട് ചെറിയ പ്രൊജക്ടുകൾ നൽകുക. (ഉദാ :- അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക )

## **മൂല്യ നിർണ്ണയം Assessment :-**

- **തുടർച്ചയായയമൂല്യനിർണ്ണയം (Continuous Assessment ):-**ക്ലാസ്സ്റൂം പ്രവർത്തങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- **ഫോർമേറ്റിവ് മൂല്യ നിർണ്ണയം(Formative Assessment ) :-**ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- **സമ്മേറ്റിവ് മൂല്യ നിർണ്ണയം(Summative Assessment):-**വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.
- **നാല് ഭാഷ ശേഷികളുടെയും വിലയിരുത്തൽ :-** കേൾക്കൽ, സംസാരം,വായന,എഴുത്ത് എന്നി ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

## **അധ്യാപക പരിശീലനം ( Teachers training )**

- അറബിഭാഷ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അദ്ധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.
- സാങ്കേതിക വിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഭാഷ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീക രി ക്കാൻ അധ്യാപകരെ സജ്ജരാക്കുക.

## **പഠന സാമഗ്രികൾ (Learning Materials )**

- പാഠപുസ്തകങ്ങൾ
- ഓഡിയോ - വിഷ്വൽ സാമഗ്രികൾ( ചിത്രങ്ങൾ, ഫ്ലാഷ് കാർഡ് etc ..)
- ഡിജിറ്റൽ പഠന സഹായികൾ ( അറബിക് app , വെബ്സൈറ്റ് )
- അറബി കഥാ പുസ്തകങ്ങൾ (ലളിതമായവ)
- നിഘണ്ടുകൾ (ഇംഗ്ലീഷ് - അറബിക് , മലയാളം-അറബിക്)

- കളിപ്പാട്ടങ്ങളും ഗെയിമുകളും(അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത് )

## പ്രവർത്തന കലണ്ടർ ( Activity Calendar )

- **ആഴ്ച്ചതോറും :-**സംഭാഷണക്ലാസുകൾ, പദസമ്പത്ത് പഠനം , ലളിതമായ വായന , എഴുത്ത് പരിശീലനം
- **മാസത്തിലൊരിക്കൽ :-** അറബി ഗാനം/ കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ
- **അധ്യയന വർഷത്തിൽ :-** അറബി ഭാഷ ദിനാചരണം, അറബി കവിത പാരായണം, പ്രസംഗ മത്സരം, അറബി ഭാഷ പ്രദർശനം

## പ്രതിബന്ധങ്ങളും പരിഹാരങ്ങളും (Challenges and Solutions )

**വെല്ലുവിളി:**- വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപര്യക്കുറവ്

**പരിഹാരം :** രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ

**വെല്ലുവിളി :-** പരിമിതമായ പഠന സാമഗ്രികൾ.

**പരിഹാരം:-**ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക.അദ്യാപകർക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക

**വെല്ലുവിളി** :-അദ്ധ്യാപകർക്ക് പുതിയ പഠനരീതികളെ കുറിച്ചുള്ള അറിവില്ലായ്മ

**പരിഹാരം :-** നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക

**വെല്ലുവിളി :-** അറബി ഭാഷ ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം

**പരിഹാരം :-**സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക. അറബി ഭാഷ ദിനാചരണങ്ങൾ സംഘടിപ്പിക്കുക. ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക.

## സംസ്കൃതം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ക്ലാസ്-5 ,6 ,7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇ ന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾ ക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **1. ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ -ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠ പുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്ര കഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>2. വീട് ഒരു പരീക്ഷണശാല</u><br><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| <u>3. വായനാലോകം</u><br><br>[കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ സംസ്കൃതലൈബ്രറി സജ്ജീകരിക്കുക<br>• ഓരോ സംസ്കൃത പീരിയഡിലും ആദ്യത്തെ അഞ്ചു മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന സംസ്കൃത ഭാഷ പഠന നേട്ടങ്ങൾ | • ക്ലബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠന യാത്ര | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>• മാതൃക ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| <u>6. ആസ്വാദന ലോകം</u><br><br>ഓരോ കുട്ടിയുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>• മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | 5 മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>• ഗൃഹ സന്ദർശനം നടത്തുന്നു | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ്സ്റൂം ആകർഷകം ആക്കുന്നതിന് | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

# ഉറുദു

| ന | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | എഴുത്ത്<br>വായന<br>സർഗ്ഗാത്മകത | കുട്ടികളിൽ എഴുത്ത് വായന, എന്നിവ തെറ്റ് കൂടാതെ കൈകാര്യം ചെയ്യാൻ ഉള്ള ശേഷി ഉണ്ടാക്കിയെടുപ്പിക്കൽ കുട്ടികളിലെ സർഗ്ഗാത്മകശേഷി മെച്ചപ്പെടുത്തൽ | അക്ഷര - പദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും, ഉച്ചാരണവും ഉറപ്പിക്കുന്നു,<br>പദ കേളി, കാർഡുകൾ യോജിപ്പിച്ചുള്ള കളികൾ, ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് എഴുതൽ, വായിക്കൽ . പാഠഭാഗം പതിവായി എഴുതാനുള്ള അവസരം നൽകുക. വായന, രചനാ മത്സരങ്ങൾ തുടർച്ചയായി നടത്തുന്നു. ഉറുദു സ്പെഷ്യൽ സാഹിത്യ സമാജം തുടർച്ചയായി സംഘടിപ്പിക്കുന്നു . | 1 വർഷം | ഉറുദു അദ്ധ്യാപകൻ | P.T .A<br>Management .<br>ജില്ലാ പഞ്ചായത്ത് |

## <u>പ്രോജക്ട് - ഹിന്ദി</u>

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (വാചൻ ദൾ ), മികച്ച വായനക്കാരൻ, മികച്ച എഴുത്തുകാരൻ(ലേഖൻ ദൾ )

നമ്മുടെ ഭാഷാപരമായ ഹിന്ദിയുടെ വളർച്ചയ്ക്കും, പ്രചാരണത്തിനും വേണ്ടി രാഷ്ട്ര പിതാവ് മഹാത്മജി അടക്കമുള്ള സമാദരണീയരായ നേതാക്കൾ മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇന്ത്യ എന്ന മഹാരാജ്യത്തെ ഒന്നായി നിലനിർത്തുന്നതിൽ ഹിന്ദി ഭാഷ അതിന്റേതായ പങ്കു വഹിച്ച് പോരുന്നുണ്ട്.ദീർഘ ദർശികളും മഹത്യക്കളുമായ നേതാക്കളുടെ പ്രേരണ യുൾക്കൊണ്ട് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച ഹിന്ദി വായനക്കാരാക്കുക. ഒപ്പം മികച്ച എഴുത്തുകാരനാക്കുകയും ചെയ്യുക എന്ന ലക്ഷ്യം നേടുന്നതിനായി സമഗ്രമായ ചില പ്രവർത്തനങ്ങൾ നടത്തുവാനാണ് ആഗ്രഹിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുഖ്യ ധാരയിലെത്തിച്ച് വായനയും എഴുത്തും സ്വായത്തമാക്കാനുള്ള ശ്രമത്തിനാണ് ആദ്യമായി തുടക്കമിടുന്നത്.

## <u>ലക്ഷ്യങ്ങൾ</u>

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം(വാചൻദൾ, ലേഖൻ ദൾ)
- ക്ലാസ് ലൈബ്രറി
- ക്ലാസ് സഭ , സ്കൂൾ സഭ , ബാല സഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- എഴുത്തും വായനയും പരിപോഷിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി , ഐ ,സി .ടി സാധ്യതകൾ ഉപയോഗപ്പെടുത്തുക

## <u>പ്രവർത്തനങ്ങൾ</u>

### 1. പ്രി-ടെസ്റ്റ്

പ്രി-ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു.

### 2. അക്ഷരം ഉറപ്പിക്കൽ

ചിത്രങ്ങളിലൂടെയും മറ്റും ഹിന്ദി അക്ഷരങ്ങൾ പടിച്ചു എന്ന് ഉറപ്പാക്കുന്നു.

### 3. അടയാളം ഉറപ്പിക്കൽ

ചിത്ര സഹായത്തോടെ ചിഹ്നങ്ങൾ, അടയാളങ്ങൾ എന്നിവ ഉറപ്പിക്കുന്നു.

**4. അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

അക്ഷരങ്ങളിലൂടെ വാക്കുകൾ രൂപീകരിക്കുക

**5. ചിത്രം - അടിക്കുറിപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ, അദ്ധ്യാപകരുടെ സഹായ ത്തോടെ എഴുതൽ

**6. കഥ ബാക്കി പറയൽ, എഴുത്ത്**

കഥയുടെ കുറച്ച്  ഭാഗങ്ങൾ നൽകുന്നു.ബാക്കി പറയിപ്പിക്കുന്നു , എഴുതുന്നു.

**7. കഥാ പുസ്തകങ്ങൾ നൽകൽ**

വായന, കുറിപ്പ് തയ്യാറാക്കൽ

**8. സി.ഡി പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു, ഓരോ ചിത്രത്തെയും കുറിച്ച് പറയുവാനും എഴുതുവാനും അവസരം

**9. ഭിന്ന ശേഷിക്കാരെ പരിഗണിക്കൽ**

പ്രത്യേക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, IED അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ

**10. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഗ്രൂപ്പാക്കുന്നു. വായനകുറിപ്പ് തയ്യാറാ ക്കുന്നു.

**11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ യു,പി തലത്തിലുള്ള വായനയ്ക്ക് സഹായ കരമാകുന്ന പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിലേക്ക് സജ്ജീകരിക്കൽ.

**12. ഇ - വായന**

ഇന്റർനെറ്റിൽ നിന്നും ഹിന്ദി വായനക്കുതകുന്ന രൂപത്തിലുള്ള വിവരങ്ങൾ ശേഖരിക്കുവാനുള്ള നൈപുണ്യം വളർത്തൽ. വിക്കിപീഡിയ പരിചയപ്പെടു ത്തൽ

# ഗണിതം

| ന | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിത ലാബ് , ലൈബ്രറി ഗണിതത്തിനോട് കൂടുതൽ താല്പര്യവും അവബോധവും സൃഷ്ടിക്കൽ, ഗണിത പഠനം സുഗമമാക്കൽ | പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും ബുക്കുകളും ശേഖരിക്കൽ | ഒരു വർഷം | PTA | 20,000 |
| 2 | പ്രതിഭ USS പരീക്ഷക്കുള്ള പ്രത്യേക പരിശീലനം | ക്ലാസ് തലത്തിൽ നിന്നും ഉയർന്ന ശേഷി ഉള്ളവരെ കണ്ടെത്തി വർഷാരംഭം മുതൽ മാസത്തിൽ രണ്ടു തവണ പ്രത്യേക ക്ലാസ്സുകളും പരിശീലനവും നൽകൽ | 8 മാസം | SRG Subject Council | 1000 |
| 3 | ക്ലാസ് ലാബ് /ലൈബ്രറി ഗണിത വായനയും താല്പര്യവും വർദ്ധിപ്പിക്കൽ | പുസ്തകങ്ങൾ കുട്ടികളിൽ നിന്ന് ശേഖരിക്കൽ, കുട്ടികൾ നിർമ്മിച്ച പഠനോപകരണങ്ങൾ ഗണിത മൂലയിൽ പ്രദർശിപ്പിക്കൽ | ഒരു വർഷം | SRG Subject Council | 5000 |
| 4 | ഗണിതം അന്വേഷിച്ച കുട്ടി കുട്ടികളിലെ ഗണിതപരമായ എല്ലാ ശേഷികളും നേടിയെടുക്കൽ | വ്യത്യസ്ത ഗണിത ശേഷികളിൽ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി തരം തിരിക്കൽ, അവർക്ക് വേണ്ട പ്രവർത്തനങ്ങൾ തയ്യാറാക്കൽ, പ്രത്യേക ക്ലാസുകൾ നൽകൽ, എല്ലാ കുട്ടികളെയും ഗണിതത്തിൽ മുന്നാക്കം എത്തിക്കൽ | ഒരു വർഷം | SRG Subject Council | 2000 |

| | | | | | |
|---|---|---|---|---|---|
| 5 | മാസ്റ്റർ ഓഫ് ജിയോജിബ്ര<br>ഗണിതത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കൽ | വിവര സാങ്കേതിക വിദ്യയിൽ കൂടുതൽ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തൽ, പരിശീലനം നൽകൽ, അതിനുവേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി ചെയ്യിക്കൽ | ഒരു വർഷം | Subject Council | 1000 |
| 6 | ഗണിത ചോദ്യ ബാങ്ക്<br>ഗണിത പുസ്തകങ്ങൾ വായിക്കുന്നതിനും വ്യത്യസ്ത മേഖലയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ശേഖരിക്കുന്നതിനും പ്രാപ്തരാക്കൽ | കുട്ടികൾ ശേഖരിച്ചു കൊണ്ടുവരുന്ന ചോദ്യങ്ങൾ സൂക്ഷ്മ പരിശോധന നടത്തി ആവർത്തനം വരാതെ 1001 എണ്ണം ശേഖരിച്ച് ചോദ്യബാങ്ക് തയ്യാറാക്കുന്നു, രണ്ടോ മൂന്നോ കോപ്പി സ്കൂൾ ലൈബ്രറിയിലേക്ക് വർഷാവസാനം സംഭാവന ചെയ്യുന്നു. | ഒരു വർഷം | Subject Council | 3000 |
| 7 | പഠനോപകരണ ശില്പശാല<br>പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | പഠന പ്രവർത്തനങ്ങളും ഉപകരണങ്ങളും കണ്ടെത്തൽ, സാധനങ്ങൾ ശേഖരിക്കൽ , ശില്പശാലയിലൂടെ നിർമ്മിക്കൽ | 4 മാസം | SRG<br>Subject Council | 7500 |
| **8** | ഗണിതം ലളിതം<br>ഭിന്ന സംഖ്യകളുടെയും ദശാംശ സംഖ്യകളുടെയും ചതുഷ്ക്രിയകളുടെ പഠനം | ക്ലാസ്  തലത്തിൽ നിന്നും കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾക്ക് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി സ്കൂൾ സമയത്തിന് ശേഷം പ്രത്യേക പരിശീലനം | ഒരു വർഷം | SRG<br>Subject Council | 15000 |

| | | | | | |
|---|---|---|---|---|---|
| 9<br><br><br><br><br><br><br>10 | ഫുഡ് ഫെസ്റ്റ്<br>ഗണിത പഠനത്തിലൂടെ ലഘുസമ്പാദ്യ പദ്ധതി എന്ന ലക്ഷ്യവും,കച്ചവട മനോഭാവവും ഉണ്ടാക്കൽ<br><br>മെട്രിക് മേള<br>കുട്ടികളിൽ ഗണിത അവബോധം വളർത്തൽ , നിർമ്മാണ പ്രക്രിയയിലെ കഴിവ് തെളിയിക്കൽ, കൃത്യത , സൂക്ഷ്മത എന്നിവ വിലയിരുത്തൽ, നിർമ്മാണവും പ്രദർശനവും ഭംഗിയോടെയും, ചിട്ടയോടെയും ചെയ്ത് തീർക്കൽ. | പഠന പ്രവർത്തനങ്ങളും അതിലേക്ക് ആവശ്യമായ ഉപകരണങ്ങളും കണ്ടെത്തി ലിസ്റ്റ് ചെയ്യൽ, കുട്ടികളെ ഗ്രൂപ്പുകളാക്കി പ്രവർത്തങ്ങൾ വിഭജിച്ച് കൊടുക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.അധ്യാപകർ മേൽനോട്ടം വഹിക്കുന്നു. തെറ്റുകൾ തിരുത്തുന്നു, നിർമ്മിച്ച ഉപകരണങ്ങൾ ശേഖരിക്കുന്നു. വർഷാവസാനം മെട്രിക് മേളയിൽ പ്രദർശനവും വിവരണവും നടത്തുന്നു. | | | |

# സയൻസ്

| | | | | | |
|---|---|---|---|---|---|
| | | സയൻസ് | | | |
| 1 | ശാസ്ത്ര പഠനത്തിൽ താല്പര്യം ഉണർത്തൽ | കണ്ടു പിടിത്തങ്ങളും ഉപയോഗ ങ്ങളും എന്ന വിഷയത്തെ ആസ്പദ മാക്കി സെമിനാർ സംഘ ടിപ്പിക്കുന്നു. | 3 മാസം | സയൻസ് ക്ലബ്<br>HM, SRG | |
| 2 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റു പാടുകളിൽ നിന്നും ശാസ്ത്രത്തെ തിരി ച്ചറിയൽ | **1. ജൈവ - വൈവിധ്യ പാർക്ക്**<br>സ്കൂളിൽ ശലഭോദ്യാനം , ഔഷ ധോദ്യാനം , പച്ചക്കറി തോട്ടം എന്നി വയുടെ നിർമ്മാണം<br>**2. ഹോം ലാമ്പ്**<br>നിത്യ ജീവിതത്തിൽ പരിചയപ്പെ ടുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിച്ച് ഒരു ഹോം ലാമ്പ് നിർമ്മിച്ച് പരീക്ഷണ നിരീ ക്ഷണങ്ങൾ ആരംഭിക്കുന്നു. | 1 വർഷം | സയൻസ് ക്ലബ്<br>HM, SRG | |
| | | **<u>പ്രകൃതി നടത്തം</u>**<br>• സസ്യങ്ങളെ കുറിച്ചും ജന്തുക്കളെ കു റിച്ചും മനസിലാക്കുന്നതിനായി നാട്ടി ലുള്ള കൃഷി സ്ഥലങ്ങൾ, കുള ങ്ങൾ, കാവുകൾ, ഫാമുകൾ എ ന്നിവയുടെ സന്ദർശനം .<br>• മലിനമായ പ്രദേശങ്ങൾ സന്ദർ ശിച്ച് മലിനീകരണത്തെ കുറി ച്ചുള്ള അവബോധം സൃഷ്ടി ക്ക ൽ, മലിനീകരണം എങ്ങനെ ഇ | | | |

| | | | | | |
|---|---|---|---|---|---|
| | | ല്ലാതാക്കാം എന്നതിനെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ (പഞ്ചായത്തിൽ നിന്നുള്ള ഒരു വ്യക്തിയുടെ ക്ലാസ് ഉൾക്കൊള്ളിച്ചുകൊണ്ട് ) | | | |
| 3 | ശാസ്ത്രാവബോധം ശേഖരണത്തിലൂടെ | **<u>പോഷകാഹാര കലവറ</u>**<br>പോഷകാഹാരം ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളായ ധാന്യങ്ങൾ, ചെറുധാന്യങ്ങൾ, ഇല വർഗ്ഗങ്ങൾ , പയറുവർഗ്ഗങ്ങൾ, പഴങ്ങൾ പച്ചക്കറികൾ എന്നിവ ശേഖരിച്ച് പ്രദർശിപ്പിക്കൽ. ഇവ ഉപയോഗിച്ച് കര കൗശല വസ്തുക്കളും മറ്റും നിർമ്മിക്കൽ.<br>Food Fest :- പോഷകാഹാര സമൃദ്ധമായ ഭക്ഷണങ്ങൾ ഉണ്ടാക്കി പ്രദർശിപ്പിക്കൽ | 3 മാസം | SRG, SSG<br>HM | |
| 4 | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത എന്നിവ സംബന്ധിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ | ഒരു വർഷം | PTA, SRG | |

| | | | | | |
|---|---|---|---|---|---|
| 5 | ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | **1**. LED ബൾബ് നിർമ്മാണം സംഘടിപ്പിക്കൽ<br>**2**. വിദ്യാർത്ഥികളെ ചെറു ഗ്രൂപ്പുകളാക്കി തിരിച്ച് ഊർജ്ജ സംര ക്ഷണത്തിന്റെ പ്രാധാന്യം ഓരോ ക്ലാസ്സിലും ബോധവൽക്കരണം നടത്തൽ<br>**3**. ICT ഉപയോഗിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ<br>**4**. എമർജൻസി നിർമ്മാണം<br>**5**. സോളാർ പാനലുകൾ ഉള്ള വീടുകൾ സന്ദർശിക്കൽ | 6 മാസം | | |
| 6 | മാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | **1**. സ്കൂളിലെ പല ഭാഗങ്ങളും വീടുകളി ലെ പല ഭാഗങ്ങളും സന്ദർശിച്ച് മാലി ന്യം എന്താണെന്നു തിരിച്ചറിയൽ<br>**2.** Biogas, മണ്ണിര കമ്പോസ്റ്റ് എന്നിവ ഉള്ള വീടുകളിൽ സന്ദർശനം<br>**3.** പഞ്ചായത്തിലെ അംഗങ്ങളെ ഉൾപ്പെടുത്തി ജൈവ മാലിന്യ സംസ്കരണത്തെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | | | |
| 7 | പരീക്ഷണ നിരീക്ഷണ താല്പര്യം വളർത്തൽ | **പരീക്ഷണ പുസ്തകം**<br>സ്കൂൾ തലത്തിൽ പരീക്ഷണങ്ങൾ സംഘടിപ്പിച്ച്, കുറിപ്പുകൾ തയ്യാറാക്കി ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| 8 | രോഗങ്ങളെ കുറിച്ചും പരിഹാരങ്ങളെ കുറിച്ചും മനസ്സിലാക്കൽ | രോഗങ്ങളെ കുറിച്ചും വാക്സിനെ കുറിച്ചും രോഗങ്ങൾ വരാതിരി ക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ചും, വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെ കുറിച്ചുള്ള ഒരു ക്ലാസ് സംഘ ടിപ്പിക്കുന്നു . | | | |
| 9 | ശാസ്ത്ര പഠനം രസകരമാക്കൽ | • മാനത്തേക്ക് ഒരു എത്തിനോട്ടം :-പ്രഗൽഭരായ വ്യക്തികളെ ഉൾകൊള്ളിച്ചു കൊണ്ട് അനുയോജ്യമായ സമയത്ത് വാന നിരീക്ഷണം സംഘടിപ്പിക്കുന്നു.ഇതിനാവശ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു.<br>• നക്ഷത്ര ബംഗ്ലാവ് സന്ദർശനം സംഘടിപ്പിക്കുന്നു. | | | |
| 10 | ശാസ്ത്ര ലാബ് വിപുലീകരിക്കൽ | 5,6,7 ക്ലാസ്സുകളിലേക്കുള്ള പരീക്ഷണത്തിനാവശ്യമായ ഉപകരണങ്ങളും രാസവസ്തുക്കളും സജ്ജമാക്കൽ. എല്ലാ കുട്ടികൾക്കും ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനും ഉള്ള അവസരം. | | | |

| | | | | | |
|---|---|---|---|---|---|
| 11 | ശാസ്ത്ര പഠനം കലകളിലൂടെ വികസിപ്പിക്കൽ | **ചിത്ര രചന ക്യാമ്പ്** : വിവിധ തരം കാന്തം ഉപയോഗിച്ച് ചിത്ര രചന മത്സരം നടത്തുന്നു.<br>**നാടക ക്യാമ്പ്** : ശാസ്ത്ര പഠന വുമായി ബന്ധപ്പെട്ട നാടകങ്ങൾ സംഘടിപ്പിക്കുന്നു.<br>**സംഗീത പരിപാടി** :ശാസ്ത്ര പഠന വുമായി ബന്ധപ്പെടുത്തി പാട്ടുകൾ നിർമ്മിക്കുകയും ശേഖരിക്കുകയും അത് അവതരിപ്പിക്കുകയും ചെയ്യുന്നു. | | | |
| 12 | കണ്ടുപിടിത്തങ്ങളിലൂടെയുള്ള ശാസ്ത്ര പഠനം വികസിപ്പിക്കൽ | **<u>Innovation Marathon :</u>**<br>പൊതു സമൂഹങ്ങളിൽ അനുഭവപ്പെടുന്ന ഒരു പ്രശ്നം കണ്ടു പിടിച്ച് അതിനുള്ള ഒരു പരിഹാരം കണ്ടുപിടിത്തമായി അവതരിപ്പിക്കുന്നു | | | |
| 13 | ശാസ്ത്ര പഠനം അനുഭവങ്ങളിലൂടെ വികസിപ്പിക്കൽ | 5,6,7 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും ശാസ്ത്രപുസ്തകവുമായി ബന്ധപ്പെട്ട ഒരു പ്രോജെക്ട് ചെയ്യിപ്പിക്കുന്നു | | | |
| 14 | | സ്കൂൾ പരിസരത്തുള്ള വീടുകൾ സന്ദർശിച്ച് മാലിന്യ നിർമ്മാർജ്ജന സർവ്വേ നടത്തി വിവരണം ആയി അവതരിപ്പിക്കുന്നു. കൂടാതെ സ്കൂളിലെ ഓരോ ക്ലാസ്സിലും മാലിന്യം എങ്ങനെയെല്ലാം ഉണ്ടാകും എന്നും ഗ്രൗണ്ടിൽ എങ്ങനെയെല്ലാം മാലിന്യം വരുന്നു എന്നുള്ള സർവ്വേയും നടത്തുന്നു . | | | |

1. ലക്ഷ്യം - ശാസ്ത്രലാബ്  മികവുറ്റതാക്കാൻ

എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ലാബ് ( ക്ലാസ് റൂം) -200000.00

ആവശ്യമായ ഉപകരണങ്ങൾ

| | |
|---|---|
| Micro Scope | - 50000 |
| രാസവസ്തുക്കൾ | -25000 |
| മറ്റ് ഉപകരണങ്ങൾ | -25000 |
| ആകെ | -300000 |

2. സ്കൂൾ വളപ്പിൽ പച്ചക്കറി തോട്ടം

| | |
|---|---|
| കാർഷികോപകരണങ്ങൾ | - 50000 |
| വിത്തുകൾ | -500 |
| നടീൽ വസ്തുക്കൾ | - 2000 |
| വളം | -5000 |
| ആകെ | -12500.00 |

# സാമൂഹ്യ ശാസ്ത്രം

| ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രിയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| 2 | പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കി മാറ്റിയെടുക്കുക | വെർച്ചൽ ഫീൽഡ് ട്രിപ്പ് ICT സാധ്യ ത ഉപയോഗിച്ച് ലോകത്തിലെ ചരി ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് ചരിത്രാവ ബോധം വളർത്തുന്നു. | 3 മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | ജനാതിപത്യ പരമായ സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമ സഭ, വാർഡുസഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടു ത്ത് ജനാതിപത്യ രീതിയുടെ അടി സ്ഥാന തലം മനസിലാക്കുന്നു. | 3 മാസം | മാതാ പിതാക്കൾ | |

| | | | | | |
|---|---|---|---|---|---|
| 4 | വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | |
| 5 | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാ രത്തിലേക്ക് എത്തിക്കുന്നു | കുട്ടികളുടെ പൊതു വിജ്ഞാനം വർധിപ്പിക്കാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു. മൽസര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസ്സുകളിൽ സങ്കടിപ്പിക്കുന്നു. | വർഷാവസാനം വരെ | | |
| 6 | ഭൂപട വായന രാജ്യങ്ങളും ഭൂതല സവിശേഷതകളും തിരിച്ചറിയുന്നതിന് | ഭൂപടങ്ങൾ, ഗ്ലോബ്, അറ്റ്ലസ് എന്നിവ ഉപയോഗപ്പെടുത്തി ഭൂപ്രകൃതി, കാലാവസ്ഥ, നദികൾ, കൃഷികൾ, എന്നിവ കണ്ടെത്തുന്നതിന് | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

# <u>ആരോഗ്യ കായിക വിദ്യാഭ്യാസം</u>

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | റിമാർക്ക് | |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | Football പരിശീലനം | June- March | PET | മികച്ച ടീം സെലക്ഷനും, Sub-District മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | അക്കാദമിക് മാസ്റ്റർ പ്ലാൻ |
| 2 | ആരോഗ്യ കായിക വിദ്യാഭ്യാസം | Athletics പരിശീലനം | June- March | PET | മികച്ച ടീം സെലക്ഷനും, Sub-District മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | |
| 3 | ആരോഗ്യ കായിക വിദ്യാഭ്യാസം | Kho -Kho പരിശീലനം | June- March | PET | മികച്ച ടീം സെലക്ഷനും, Kho-Kho കുട്ടികളിൽ പരിചയപ്പെടുത്തുക. | |
| 4 | ആരോഗ്യ കായിക വിദ്യാഭ്യാസം | Annual sports meet | Sep/Oct | സ്കൂൾ തല സമിതി | മികച്ച കുട്ടികളെ കണ്ടെ ത്തി ഉയർന്ന മത്സര ങ്ങളിൽ പങ്കെടുപ്പിക്കുക | |

# വിഷയാധിഷ്ഠിത തനത് പ്രവർത്തനങ്ങൾ

**മലയാളം :**- ചൊൽക്കാഴ്ച - സ്നേഹം എന്ന ആശയവുമായി ബന്ധപ്പെട്ട് വരുന്ന വ്യത്യസ്ത ഈണത്തിലും ഭാവത്തിലുമുള്ള കവിതകൾ ശേഖരിച്ച് അവതരി പ്പിക്കുക. കവിതയുടെ ദൃശ്യാവിഷ്കാരം നടത്തുക.

**സംസ്കൃതം** - കുട്ടികളുടെ ഭാഷാ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി. "ചക്ര ദ്രിഡ" -(കളി രൂപത്തിൽ) ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് സമയധിഷ്ഠിത മായി വർഷം മുഴുവൻ നടപ്പിലാക്കുന്നു.

**അറബി :**- പദമാല( യൂണിറ്റ് തല നിഘണ്ടു നിർമ്മാണം ) ഒരു ദിവസം ഒരു പദം എന്ന നിലയിൽ പരിചയപ്പെടുന്നു. അത് അർത്ഥ സഹിതം ശേഖരി ക്കുന്നു. യൂണിറ്റിന്റെ അവസാനത്തിൽ അക്ഷരമാല ക്രമത്തിൽ നിഘണ്ടു നിർമ്മിക്കുന്നു.

**ഉർദു:**- പദകേളി - ഓരോ ആഴ്ചയും ഓരോ അക്ഷരങ്ങൾ നൽകി ആ അക്ഷര മാലയുമായി ബന്ധപ്പെട്ട് വരുന്ന കിട്ടാവുന്ന അത്രയും വാക്കുകൾ ശേഖരി ക്കുക. വർഷാവസാനം ഈ വാക്കുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

English :-A sentence per day:- Interacting with teachers and children to encourage talk

**സാമൂഹ്യ ശാസ്ത്രം:-** ഡിജിറ്റൽ ആൽബം- സ്വാതന്ത്ര്യ സമര സേനാനിക ളുടെ ചിത്രങ്ങളും ആശയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് (5,6,7 ക്ലാസ്സുകളിലെ ) ഡിജിറ്റൽ ആൽബം തയ്യാറാക്കുക

**ഗണിതം :-** ഗണിതവുമായി ബന്ധപ്പെട്ട ICT പ്രവർത്തനങ്ങൾ കൂടുതൽ മെച്ച പ്പെടുത്തുക. എല്ലാ കുട്ടികൾക്കും ICT പ്രയോഗിക്കുന്നതിനുള്ള പരിശീലനം നൽകുക. ഉറപ്പു വരുത്തുക.

**ഹിന്ദി** : ശബ്ദകോശ്- നിർമ്മാണം. പുതിയ അക്ഷരങ്ങളും വാക്കുകളും ശേഖ രിച്ച് യൂണിറ്റ് തലത്തിൽ നിഘണ്ടു നിർമ്മാണം.

**സയൻസ്-**പരീക്ഷണപുസ്തകം:- വിവിധ തരം പരീക്ഷണങ്ങളും അവയുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മിക്കുന്ന പരിപാടി.

# <u>സ്കൂൾ മികവ് പ്രവർത്തനം</u>

## <u>Knowledge Hunting</u>

ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാർഥികൾ പൊതുവെ പഠന വിഷയങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവരാണ്. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസത്തിൽ വരെ വിഷയാധിഷ്ഠിതമായി മാത്രമേ അവർ അറിവ് കൈവരിക്കുന്നുള്ളൂ. ഈ കുട്ടികൾ പൊതു സമൂഹവുമായി ഇടപഴകേണ്ട അവസരമെത്തുമ്പോൾ ഇതിന്റെ പോരായ്മകൾ പ്രകടമാകുന്നുണ്ട്.

ഇതിനൊരു പരിഹാരം എന്ന നിലയിൽ, അറിവിന്റെ എല്ലാ മേഖലകളിലേക്കും ഒരെത്തിനോട്ടം നടത്തുന്നത്തിനായി "**Knowledge Hunting**" എന്ന മികവു പ്രവർത്തനം ഞങ്ങൾ കാഴ്ച വെയ്ക്കുന്നു.

## <u>പ്രവർത്തന ഘട്ടങ്ങൾ</u>

ഓരോ ക്ലാസ്സിലും 20 ചോദ്യങ്ങൾ വീതം നൽകി, ഒരു മത്സര പരീക്ഷ നടത്തി അതിൽ മികവ് പുലർത്തിയ 5 കുട്ടികളെ വീതം തിരഞ്ഞെടുത്ത് ഒരു Talent Group രൂപികരിച്ചു. ഏതാനും അദ്ധ്യാപകർക്ക് ഗ്രൂപ്പിന് ചാർജ് നല്കി. ഈ ഗ്രൂപ്പിൽ പൊതു വിജ്ഞാനവുമായി ബന്ധപ്പെട്ട ചർച്ചകളും, വിവരണങ്ങളും പ്രശ്നോത്തരികളും നടത്തുന്നു (online ഉം offline ഉം ആയി ). കൃത്യമായ വിലയിരുത്തലുകളും നടത്തുന്നു.

ഇ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ അതാത് ക്ലാസ് ടീച്ചേഴ്സിനെ അറിയിക്കുന്നു. ഒഴിവു സമയങ്ങളിൽ( ആഴ്ചയിൽ 2 ദിവസം ) ബാക്കി മുഴുവൻ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ക്ലാസ് ടീച്ചറും ഓരോ ക്ലാസിലെയും peer group ഉം ചേർന്ന് ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

ഓരോ ടേമിലും വിലയിരുത്തലുകൾ കൃത്യമായി നടത്തുന്നു. ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ വർഷാവസാനം നടത്തുന്ന മെഗാ ക്വിസ് മത്സരത്തിനുള്ള കുട്ടികളെ കണ്ടെത്തുന്നു. വർഷാവസാനം വരെ തുടരുന്ന ഈ പ്രവർത്തനത്തിൽ നിന്നും വിവിധ ഘട്ടങ്ങളിലായി മത്സരങ്ങൾ നടത്തി 2 പേർ  വീതം അടങ്ങുന്ന 5 ഗ്രൂപ്പുകളെ സെലക്ട് ചെയ്യുന്നു. തിരഞ്ഞെടുത്ത കുട്ടികൾക്ക് വർഷാവസാനം പൊതു വേദിയിൽ വെച്ച് മത്സരം നടത്തി വിജയിയെ കണ്ടെത്തുന്നു

## സ്കൂൾ തനത് പ്രവർത്തനം - കുട നിർമ്മാണം

തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏതെങ്കിലും ഒരു കൈതൊഴിൽ സ്വായത്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'കുട നിർമ്മാണം' തനത് പ്രവർത്തനമായി ഏറ്റെടുക്കാൻ ഞങ്ങൾ തീരുമാനിച്ചത്.

'ചാരുത' നൈപുണി വികസന ക്ലബ്ബിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടപ്പിൽ വരുത്തുന്നത്. ഇതിന്റെ ചുമതല BRC യിലെ Work Education Specialist Teacher - ബിജില ടീച്ചർക്ക് നൽകി.

ഓരോ ക്ലാസ്സിൽ നിന്നും താല്പര്യം ഉള്ള 4-5 കുട്ടികളെ തിരഞ്ഞെടുത്ത് ആദ്യഘട്ട പരിശീലനം ആ കുട്ടികൾക്കു നല്കാൻ തീരുമാനിച്ചു. അതോടൊപ്പം താല്പര്യമുള്ള അധ്യാപകർക്കും പരിശീലനത്തിൽ പങ്കെടുക്കാം.ജൂലൈ മൂന്നാം വാരത്തിൽ ഒരു ഏകദിന പരിശീലനത്തിലൂടെ പ്രവർത്തനങ്ങൾ ആരംഭിക്കും.അടുത്ത ഘട്ടത്തിൽ ഓരോ ക്ലാസ്സിൽ നിന്നും താത്പര്യം പ്രകടിപ്പിക്കുന്ന 10 കുട്ടികളെ വീതം ഉൾപ്പെടുത്തിക്കൊണ്ട് രണ്ടാം ഘട്ട പരിശീലനം സെപ്റ്റംബർ മൂന്നാം വാരത്തിൽ പരിശീലനം നേടിയ അദ്ധ്യാപകരുടെയും കുട്ടികളുടെയും BRC ട്രെയിനറുടെയും നേതൃത്വത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തുന്നു. മൂന്നാം ഘട്ട പരിശീലനം ഡിസംബർ ആദ്യ വാരത്തിൽ ഓരോ ക്ലാസ്സിൽ നിന്നും വീണ്ടും 10 കുട്ടികളെ ചേർത്ത് ഇതേ മാതൃകയിൽ നടത്തുന്നു.

പ്രവർത്തനത്തിന്റെ അവസാനഘട്ടം ഫെബ്രുവരി മാസത്തിൽ ബാക്കിയുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം ലഭിക്കുന്ന രീതിയിൽ ഒരു ശില്പ ശാലയായി സംഘടിപ്പിക്കുന്നു. ഇതോടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഒരു കൈത്തൊഴിൽ നേടുക എന്ന ലക്ഷ്യം പൂർത്തീകരിക്കും.

കുട നിർമ്മാണത്തിനുള്ള കിറ്റ് വാങ്ങുന്നതിനു വേണ്ടി ഏകദേശം ഒരു കുട്ടിക്ക് 150 രൂപ എന്ന കണക്കിൽ 950 കുട്ടികൾക്ക് 142000 രൂപയിൽ അധികം ചിലവ് വരും. ഇതിൽ കുട്ടികൾ എടുക്കുന്ന തുക (ഓരോ കുട്ടിക്കും ഓരോ കുട) യിൽ തികയാതെ വരുന്ന ബാക്കി തുക PTA എടുക്കാൻ തീരുമാനിച്ചു.

ഒരു അധ്യയന വർഷം കൊണ്ട് പൂർത്തീകരിക്കുന്ന ഈ തനത് പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് സ്വാശ്രയശീലം വളർത്തുന്നതിനും ഏത് തൊഴിലിനും അതിന്റേതായ മാഹാത്മ്യം ഉണ്ട് എന്ന തിരിച്ചറിവ് നേടുന്നതിനും കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## ഞങ്ങൾ പ്രയോജനപ്പെടുത്തുന്ന സേവനങ്ങൾ

1. BRC Special Trainer

2. PTA & MTA പ്രതിനിധികൾ

3. ചാരുത നൈപുണി ക്ലബ്

4. HM & Staff